**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **22-01-2021 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളിലെ ചികിത്സാ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളിൽ 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എത്ര മൃഗചികിത്സാ കേന്ദ്രങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; കൂടുതൽ കേന്ദ്രങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 19/08/2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം.251/2020/എ.എച്ച്.ഡി പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 31 സ്ഥാപനങ്ങൾ വഴി 24 മണിക്കൂർ വെറ്ററിനറി ചികിൽസ സേവനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 26 സ്ഥാപനങ്ങൾ മുഖേന സേവനം ആരംഭിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികളിൽ ഷിഫ്റ്റ് സമ്പ്രദായം വരുമ്പോൾ അതിനായി അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോയെന്നുള്ള വിശദാംശം നൽകുമോ? | (സി) | നിലവിൽ 24 മണിക്കൂർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് ആവശ്യമായ തസ്തികകൾ പുനർവിന്യാസം വഴിയാണ് കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ